**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ കാൽവരി മൗണ്ടിൽ 2020 ജനുവരി 25 മുതൽ 31 വരെ നടത്തുന്ന ടൂറിസം ഫെസ്റ്റിന്റെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിയ്ക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.204/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,25/01/2020

പരാമർശം:- 1. കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത്.

2. കാമാക്ഷി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/12/2019ലെ IV (1) നമ്പർ തീരുമാനം

3. കാമാക്ഷി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30/12/2019 ലെ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ കാൽവരി മൗണ്ടിൽ DTPCയുമായി സഹകരിച്ചുകൊണ്ട് 2020 ജനുവരി 25 മുതൽ 31 വരെ നടത്തുവാൻ തീരുമാനിച്ചിട്ടുള്ള ടൂറിസം ഫെസ്റ്റിന്റെ ചെലവുകൾക്കായി രണ്ടു ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും വിനിയോഗിയ്ക്കുന്നതിനുള്ള അനുമതി നൽകണമെന്ന് കാമാക്ഷി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറി ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നായ കാൽവരി മൗണ്ടിൽ 2020 ജനുവരി 25 മുതൽ 31 വരെ നടത്തുന്ന ടൂറിസം ഫെസ്റ്റിന്റെ ചെലവുകൾക്കായി 2,00,000/-രൂപ (രണ്ടു ലക്ഷം രൂപ) തനത് ഫണ്ടിൽ നിന്നും വിനിയോഗിയ്ക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി സെക്രട്ടറി.**

പ്രസിഡന്റ്/സെക്രട്ടറി , കാമാക്ഷി ഗ്രാമപഞ്ചായത്ത്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.